# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5182 — 22/5/2017 -ലെ മറുപടി

## കുളത്തോട്ടുമല കുടിവെള്ള ശുചീകരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.ബി.സതീഷ് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുളത്തോട്ടുമല കുടിവെള്ള ശുചീകരണ പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണ്; | (എ) കാട്ടാക്കട പഞ്ചായത്തിന് കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി കുളത്തോട്ടുമലയിൽ ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളുമുൾപ്പെടുത്തിക്കൊണ്ടുള്ള 10 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി തയ്യാറാക്കിയിരുന്നു. എന്നാൽ ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം പഞ്ചായത്ത് ലഭ്യമാക്കാത്തതിനാൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുവാൻ സാധിച്ചിട്ടില്ല. എന്നാൽ കാട്ടാക്കട പഞ്ചായത്തിലെ പോങ്ങറക്കോണത്ത് 0.625 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള സമ്പും, പമ്പ് ഹൗസും നിർമ്മിച്ച് കാളിപ്പാറയിൽ നിന്നും നെയ്യാറ്റിൻകരയി ലേക്ക് പോകുന്ന ട്രാൻസ്മിഷൻ മെയിനിൽ നിന്നും ശുദ്ധജലം സമ്പിലെത്തിച്ച് പമ്പ് ചെയ്ത് കുളത്തോട്ടുമലയിലെ നിലവിലുള്ള ഭൂതല ജലസംഭരണിയിലെത്തിച്ച് വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിക്ക് 70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ തടസ്സങ്ങൾ വിശദമാക്കുമോ; ഈ പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയു മെന്ന് വ്യക്തമാക്കുമോ? | (ബി) സ്ഥലം ലഭ്യമാവാതെ ഇരിക്കുന്ന എന്നതാണ് തടസ്സം. |

സെക്ഷൻ ഓഫീസർ

JSK/